# ജീവനദി ആത്മമന്ന

## JEEVANADHI ATHMAMANNA

തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയുക

നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ
കാണേണ്ടതിനു എന്റെ കണ്ണുകളെ തുറക്കേണമേ
(സങ്കീ 119 :18)



ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും
ആക്ഷേപിച്ചു കൂടാത്ത പത്ഥ്യവചനവും
ഉള്ളവൻ ആയിരിക്ക.
(തീത്തോസ് 2: 8)

Vol.1 AUGUST 2023 No. 02



# EDITORIAL

പ്രതിസന്ധികളുടെ നടുവിൽ നമ്മുടെ ഹൃദയം കലങ്ങിപ്പോകുന്നത് സ്വാഭാവികം ആണ്. എന്നാൽ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് നമ്മോടു പറയുന്നത് നമ്മുടെ ഹൃദയം കലങ്ങിപ്പോകരുതെന്നാണ്. യോഹന്നാന്റെ സുവിശേഷം 14:1-ാം വാക്യം ശ്രദ്ധിക്കുക.." നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ.'' എന്തുകൊണ്ടാണ് കർത്താവ് അങ്ങനെ നമ്മോടു പറയുന്നത് എന്ന് ചിന്തിച്ചാൽ  നമ്മുടെ ഹൃദയ കലക്കം കൊണ്ടു നമുക്ക്  പ്രത്യേകിച്ച് ഗുണം ഒന്നും ഉണ്ടാകുന്നില്ല, പിന്നെയോ ദോഷം മാത്രമെ ഉണ്ടാകുന്നുള്ളൂ. അതിനാൽ ഹൃദയം കലങ്ങാതെ നമ്മുടെ രക്ഷിതാവും ദൈവവുമായ യേശു കർത്താവിലും പിതാവാം ദൈവത്തിലും വിശ്വസിക്കുകയാണ് നാം ചെയ്യേണ്ടത്. അതിനെ ഇങ്ങനെ പറയുവാൻ ഞാൻ താത്പര്യപ്പെടുന്നു. അതായത്, നമുക്ക് ഏത് വിഷയമാണോ ഹൃദയ വേദന നൽകുന്നത്, അതിൽ നിന്നും നമ്മുടെ ശ്രദ്ധ മാറ്റി സകലവിധ പ്രശ്നങ്ങൾക്കും പരിഹാരകനായ ദൈവത്തിൽ വിശ്വസിക്കുക.

ഇങ്ങനെ ഹൃദയ നുറുക്കത്തിന്റെ മദ്ധ്യത്തിൽ ദൈവത്തിൽ വിശ്വസിച്ചത് മൂലം ആശ്വാസവും ആനന്ദവും ഉണ്ടായ ഒരു സംഭവം ശ്രദ്ധിക്കാം. സ്വന്തം സഹോദരന്റെ മരണത്തിൽ ദുഖിതയായി ത്തീർന്ന സ്ത്രീയുടെ അടുക്കൽ യേശു എത്തിയപ്പോൾ അവൾ കലങ്ങിയ ഹൃദയത്തോടെ യേശു കർത്താവിന്റെ കാൽക്കൽ വീണു.  എന്നിട്ട്, ''കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു" എന്നു പറഞ്ഞു. അപ്പോൾ യേശു കർത്താവ് അവളോടു പറഞ്ഞത്, ''വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണും'' എന്നാണ്. പ്രിയരെ, നമ്മോടും യേശു ക്രിസ്തു പറയുന്നത് ഹൃദയം കലങ്ങരുത് തന്നിലും ദൈവത്തിലും വിശ്വസിക്കുക എന്നാണ്. അങ്ങനെ നാം ക്രിസ്തുവിലും ദൈവത്തിലും വിശ്വസിക്കുമ്പോൾ ദൈവത്തിന്റെ മഹത്ത്വം നമുക്ക് കാണുവാൻ കഴിയും. ഹൃദയം നുറുങ്ങിയവർക്ക് നമ്മുടെ ദൈവം സമീപസ്ഥനാണ്, മനസ്സു തകർന്നവരെ നമ്മുടെ ദൈവം രക്ഷിക്കുന്നു. ഇവിടെ മനസ്സ് തകർന്ന് ഹൃദയം കലങ്ങി വിങ്ങിപ്പൊട്ടിയ ആ സഹോദരി യേശു കർത്താവിൽ വിശ്വസിച്ചു. അപ്പോൾ തന്റെ സഹോദരനെ  ജീവനുള്ളവനായി അവൾക്ക് മടക്കി ലഭിച്ചു. തന്മൂലം അവൾക്ക് ദൈവമഹത്ത്വം കാണുവാനും സാധിച്ചു. അതിനാൽ അവളുടെയും സഹോദരിയുടെയും ദുഖം സന്തോഷമായി മാറ്റപ്പെട്ടു. ശോകമൂകമായിരുന്ന ആ ഭവനം ആനന്ദം കൊണ്ട് നിറഞ്ഞു. പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ വിലാപത്തെ നൃത്തമാക്കിത്തീർക്കുവാനും, നമ്മുടെ രട്ടഴിച്ച് നമ്മെ സന്തോഷം ഉടുപ്പിക്കുവാനും നമ്മുടെ ദൈവത്തിന് കഴിയും എന്ന് മനസ്സിലാക്കുക.

ഈ അനീതി നിറഞ്ഞ ലോകത്തിൽ കഷ്ടതയുണ്ട്, എന്നാൽ നീതിമാനായ ദൈവത്തിന്റെ ഭവനത്തിൽ അനേക വാസ സ്ഥലങ്ങൾ ഉണ്ട്. നമുക്ക് മുമ്പായി ആ സ്വർഗ്ഗത്തിലേക്ക് യേശു കർത്താവ് കടന്ന് പോയിരിക്കയാണ്. പോകും മുമ്പ് യേശു പിതാവിനോട് പ്രാർത്ഥിച്ച പ്രാർത്ഥന ശ്രദ്ധിച്ചാൽ കർത്താവ് നമ്മെ എത്രത്തോളം സ്നേഹിക്കുന്നു എന്ന വസ്തുത നമുക്ക് കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. "പിതാവേ, നീ ലോക സ്ഥാപനത്തിന് മുമ്പെ എന്നെ സ്നേഹിച്ചിരിക്കുക കൊണ്ട് എനിക്ക് നൽകിയ മഹത്ത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്ത്  അവരും എന്നോടു കൂടെ ഇരിക്കണം എന്നു ഞാൻ ഇശ്ചിക്കുന്നു'' എന്നാണ്.ഇതിൽ നിന്നും എടുത്ത് പറയുവാൻ ഞാൻ താത്പര്യപ്പെടുന്നത്.. നാം യേശുകർത്താവിന്റെ മഹത്വം കാണുവാൻ ആണ്  താൻ ഇരിക്കുന്നിടത്ത് നമ്മെയും ഇരുത്തുവാൻ ക്രിസ്തു തുനിയുന്നത്.  അതിനാൽ എന്ത് പീഢകൾ സഹിക്കേണ്ടി വന്നാലും ഹൃദയം കലങ്ങാതെ  തുടർന്നും  ദൈവത്തിൽ വിശ്വസിക്കുക. അതിനോടൊപ്പം, മണിപ്പൂരിലും മറ്റിതര സ്ഥലങ്ങളിലും ക്രൂരപീഢനങ്ങൾ സഹിക്കേണ്ടിവരുന്നവരെ പ്രാർത്ഥനയിൽ വഹിക്കുകയും അവരുടെ സമാധാനത്തിന് നമ്മളാൽ കഴിയുന്നത് ചെയ്യേണ്ടതുമുണ്ട്. എന്തുകൊണ്ടെന്നാൽ ''നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ കഷ്ടമനുഭവിക്കുന്നവരെയും ഓർത്തുകൊൾവിൻ." എന്ന് ദൈവാത്മാവ് നമ്മെ പ്രബോധിപ്പിക്കുന്നുവല്ലോ. പ്രിയ സഹോദരരെ, നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ ആണ്. അവിടെ നിന്ന് നമ്മുടെ കർത്താവായ യേശു നമ്മെ ചേർക്കുവാൻ വരുമെന്നുള്ളതിനാൽ  പ്രത്യാശയോടെ നമുക്ക് ക്രിസ്തു യേശുവിന്റെ വരവിനായി കാത്തിരിക്കാം.

# ആരാധന

(തുടർച്ച)

എം.എ. ജോയി, തൃശൂർ



### പുതിയ നിയമ സഭ

പുറജാതികളും യിസ്രായേലും ദൈവത്തെ ആരാധിക്കുന്നതിൽ തോൽവിയടഞ്ഞപ്പോൾ ദൈവം യിസ്രായേലിൽ നിന്നും പുറജാതികളിൽ നിന്നും ഒരു കൂട്ടത്തെ പുതിയനിയമ സഭയായി ദൈവപുത്രനായ യേശു ക്രിസ്തുവിൽക്കൂടെ വിളിച്ചു വേർതിരിച്ചു. അവരെ ദൈവത്തെ ആരാധിക്കുന്ന ''രാജകീയപുരോഹിതവർഗ്ഗ''മാക്കിത്തീർത്തു (1 പത്രോസ് 2:9). ന്യായപ്രമാണകാലത്ത് ജഡത്തിന്റെ ബലഹീനത നിമിത്തമാണ് അവർക്ക് പ്രമാണങ്ങളെ പാലിക്കാൻ കഴിയാതെ പോയത് (റോമർ 8:3). യേശു ക്രിസ്തു ക്രൂശിൽ നിത്യയാഗമായി മുൻപിൻ പാപങ്ങൾക്കെല്ലാം എന്നേക്കുമുള്ള പരിഹാരം വരുത്തിയതിനാൽ ലംഘനം മൂലം വിശ്വാസിക്ക് ആത്മ രക്ഷയും പൗരോഹിത്യ പദവിയും നഷ്ടപ്പെടുവാൻ സാധ്യമല്ല. വിശ്വാസികളുടെ ലംഘനത്തിനുള്ള ശിക്ഷയും ശുദ്ധീകരണവും ഈ ജീവിതത്തിൽത്തന്നെ ദൈവം നടപ്പാക്കും. കൃപായുഗത്തിൽ ജീവിക്കുന്ന വിശ്വാസികൾക്ക്  കൈവന്നിരിക്കുന്ന മഹാഭാഗ്യമാണിത്.

### സ്വർഗ്ഗത്തിലെ ആരാധന (വെളി. 4; 5; 7:15; 22:35)

സ്വർഗ്ഗത്തിൽ ആരാധന നിത്യതയോളം തുടരുമെന്ന് മാത്രമല്ല സ്വർഗ്ഗത്തിൽ ഏറ്റവും പ്രധാന വിഷയം ആരാധനയായിരിക്കും. വെളി. 7:15 ൽ മഹാകഷ്ടത്തിൽ നിന്നു വന്ന ആത്മാക്കൾ സ്വർഗ്ഗത്തിൽ ''ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കും.''  ഒരിക്കൽ ഒരാൾ പറഞ്ഞുവത്രേ ''സ്വർഗ്ഗത്തിൽ എന്നും എപ്പോഴും ആരാധനയാണെങ്കിൽ ഞാൻ അങ്ങോട്ടില്ല, വലിയ ബോറടിയായിരിക്കും. ഇവിടെ ആഴ്ച്ചയിൽ ഒറ്റ ദിവസം (ഞായർ) രണ്ടു മണിക്കൂർ ആരാധനാ യോഗത്തിനു കഴിച്ചുകൂട്ടുന്നതുതന്നെ കഷ്ടപ്പെട്ടാണ്.  അപ്പോൾ എന്നും ആരാധനയാകുമ്പോഴത്തെ ഗതികേട് പറയാനുണ്ടോ?'  ഇത് അജ്ഞതകൊണ്ട് പറയുന്നതാണ്. കാരണം ഇവിടെ ക്ഷീണം, ഉറക്കം, മടുപ്പ് എന്നിവ അനുഭവപ്പെടുന്നത് നമ്മുടെ ജഡശരീരത്തിന്റെ ബലഹീനത മൂലമാണ്.  കർത്താവിന്റെ വീണ്ടും വരവിൽ ജഡം ഉരിഞ്ഞുകളഞ്ഞ് തേജസ്സ് ധരിച്ചു കഴിഞ്ഞാൽ അത്ഭുതമാറ്റം വരും. സ്വർഗ്ഗത്തിൽ നമുക്കേറ്റവും സന്തോഷം ആരാധന അർപ്പിക്കലായിരിക്കും.

### ആരാധനയുടെ പ്രധാന്യം

1. ദൈവം നൽകിയ പത്തു കൽപ്പനകളിൽ ഏറ്റവും ആദ്യത്തേത് ' ദൈവത്തെ മാത്രമേ ആരാധിക്കാവൂ' എന്നതാണ് (പുറ 20:15  നോക്കുക). പിശാച് തന്നെ ആരാധിക്കുവാൻ ആവശ്യപ്പെട്ട് യേശുവിനെ പരീക്ഷിച്ച വേളയിൽ  കർത്താവു പറഞ്ഞ മറുപടിയിൽ ഈ കാര്യം വ്യക്തമാകുന്നു.  ''യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച്, അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നു...'' (ലൂക്കൊസ് 4:8). കർത്താവ് രാജത്വം ഏറ്റെടുത്ത കാര്യവും, കുഞ്ഞാടിന്റെ കല്യാണം വന്നു എന്ന കാര്യവും യോഹന്നാൻ അപ്പൊസ്തലനോട് അറിയിച്ച ദൈവദൂതനെ നമസ്ക്കരിപ്പാൻ യോഹന്നാൻ ദൂതന്റെ കാൽക്കൽ വീണു. അപ്പോൾ ദൂതൻ പറഞ്ഞത് , ''....അതരുത്; ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരൻമ്മാർക്കും സഹഭൃത്യനത്രേ; ദൈവത്തെ നമസ്ക്കരിക്ക...''(വെളി 19:10) ഇതുപോലെ ഒരു രംഗം വെളി. 22:8 ലും കാണുന്നു. സൃഷ്ടാവായ ദൈവത്തെ സൃഷ്ടികളായ മനുഷ്യർ ആരാധിക്കണം എന്നത് ദൈവം തന്നെ ശക്തമായി നൽകിയിരിക്കുന്ന കൽപ്പനയാണ്.

(തുടരും)

# പൂർണ്ണപ്രാഗത്ഭ്യത്തോടെയുള്ള ക്രിസ്തീയ ജീവിതം

ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി



പൂർണ്ണപ്രാഗത്ഭ്യത്തോടെയുള്ള ക്രിസ്തീയ ജീവിതം ഓരോ ദൈവപൈതലും നയിക്കണമെന്നത് വിട്ടുവീഴ്ചയില്ലാത്ത ദൈവീക പദ്ധതിയാണ്. വാസ്തവത്തിൽ അതിനുള്ള സകലതും രക്ഷിക്കപ്പെടുമ്പോൾ തന്നെ നമുക്ക് നൽകപ്പെടുന്നുണ്ട്. രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ ദൈവാത്മാവെന്ന ആദ്യദാനം ഹൃദയത്തിൽ നൽകപ്പെടുന്നതും (റോമർ 8 : 23 ) ദീപമായ ദൈവവചനം നൽകുന്നതും (സങ്കീർത്തനം 119 :105), സമൃദ്ധമായ ദൈവകൃപ നൽകുന്നതും കൂട്ടിനുംകൂട്ടായ്മക്കുമായി ദൈവജനത്തെ നൽകുന്നതും എല്ലാം പൂർണ്ണ പ്രാഗത്ഭ്യത്തോടെ നാം ക്രിസ്തീയജീവിതം നയിക്കണമെന്ന ദൈവീക ഉദ്ധേശത്തിന്റെ നിവർത്തീകരണത്തിനാണ് എന്നത് മറക്കരുത്. 1 തെസ്സലോനിക്ക്യർ 2:10 ൽ അപ്പൊസ്തലനായ പൗലൊസ് തന്നെയും കൂട്ടുവേലക്കാരനായ സില്വാനൊസിനെയും തിമൊഥിയൊസിനെയും ചൂണ്ടിക്കാണിച്ചുകൊണ്ട് പൂർണ്ണപ്രാഗത്ഭ്യത്തോടുള്ള ക്രിസ്തീയജീവിതത്തെ കുറിച്ചു പ്രഖ്യാപിക്കുന്നത് ശ്രദ്ധിച്ചാലും.''വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എന്നതിന് നിങ്ങളും ദൈവവും സാക്ഷി.'' പൂർണ്ണപ്രാഗത്ഭ്യത്തോടെയുള്ള ക്രിസ്തീയജീവിതം നയിക്കുമ്പോൾ ഹൃദയത്തിൽ കരുതേണ്ട ചില വസ്തുതകൾ ശ്രദ്ധിച്ചാലും.

ഒന്ന് : അത് ദൈവത്തെ സാക്ഷി നിർത്തിയുള്ള ജീവിതമാണ് അർത്ഥാൽ ദൈവസന്നിധിയിൽ നയിക്കുന്ന ജീവിതമാണ്; '' .. ദൈവവും സാക്ഷി '' എന്ന പ്രയോഗം ശ്രദ്ധിച്ചാലും. അവിടുത്തെ മുമ്പാകെ ശരിയായി ജീവിച്ച ഭക്തന്മാർക്ക് സാക്ഷ്യം പറയുന്നവനാണ് വിശുദ്ധനായ ദൈവം. ഉദാഹരണമായി, മോശെയെ കുറിച്ച് ദൈവം സാക്ഷ്യപ്പെടുത്തി; ''എന്റെ ദാസനായ മോശെയോ അങ്ങനെയല്ല, അവൻ എന്റെ ഗൃഹത്തിലൊക്കെയും വിശ്വസ്തനാകുന്നു'' (സംഖ്യാപുസ്തകം 12 :7). മുഖപക്ഷം ഇല്ലാത്ത ദൈവം ഏവരോടും വിശ്വസ്തനാണെന്നതിനാൽ നമുക്കും ദൈവത്താൽ സാക്ഷ്യം പ്രാപിക്കാം. ദൈവത്തെ തന്റെ ജീവിതത്തിന്റെ സാക്ഷിയായി ഉയർത്തിക്കാണിക്കുന്ന അപ്പൊസ്തലന് എത്ര പ്രാഗത്ഭ്യം തന്റെ ക്രിസ്തീയ ജീവിതത്തെ കുറിച്ചുണ്ടായിരുന്നു. പ്രിയ സഹോദരാ, സഹോദരീ, ഈ വാക്കുകൾ അപ്പൊസ്തലനൊപ്പം സ്വന്ത ജീവിതത്തെ കുറിച്ച് എടുത്തുപറയാനാകുമൊ ?

രണ്ട് : ദൈവസഭയെ (ദൈവജനത്തെ) സാക്ഷിനിർത്തിയുള്ള ജീവിതമാണ് പൂർണ്ണ പ്രാഗത്ഭ്യത്തോടെയുള്ള ക്രിസ്തീയജീവിതം; '' വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ.... നിങ്ങളും ദൈവവും സാക്ഷി.'' ദൈവ പൈതലിന്റെ ജീവിതം ലോകത്തിനു മുന്നിലും ഒപ്പം ദൈവസഭയുടെ മുന്നിലും നയിക്കപ്പെടുന്നതാണ്. ലോകത്തിന് മുന്നിലുള്ള ജീവിതസാക്ഷ്യം ക്രിസ്തുവിനെ ലോകത്തിന് പരിചയപ്പെടുത്തുമ്പോൾ, ദൈവസഭക്കുള്ളിലെ സാക്ഷ്യം തിരുനാമമഹത്ത്വത്തിന് ഹേതുവാണ്. സഹവിശ്വാസികളുടെ സാക്ഷ്യത്തിന് ഏറെ പ്രാധാന്യമുണ്ട് എന്നതിന്റെ പ്രഖ്യാപനമാണ് നമ്മുടെ ചിന്താഭാഗം. അപ്പൊസ്തലപ്രവൃത്തികൾ 16: 2ാം വാക്യം തിമൊഥെയൊസിന്റെ ജീവിതത്തിലൂടെയും ഇക്കാര്യം ദർശിക്കാം; ''അവൻ ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു.'' താങ്കൾ ആയിരിക്കുന്ന പ്രാദേശിക സഭയുടെ സാക്ഷ്യം പൂർണ്ണപ്രാഗത്ഭ്യത്തോടെയുള്ള നടപ്പിന്റെ സാക്ഷ്യമാണ്.

മൂന്ന് : പൂർണ്ണ പ്രാഗത്ഭ്യത്തോടെയുള്ള ക്രിസ്തീയ ജീവിതത്തിൽ ഉയർത്തിക്കാണിക്കുന്ന മൂന്ന് പ്രധാന ഘടകങ്ങൾ ശ്രദ്ധിച്ചാലും; പവിത്രത, നീതി, അനിന്ദ്യത. ''...എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു..'' കർത്താവിനോടൊപ്പമുള്ള ജീവിതത്തിൽ വർദ്ധിക്കുന്ന പ്രത്യേകതകളാണിവ. പവിത്രനും നീതിമാനും അനിന്ദ്യനും ആയ ദൈവപുത്രനോടൊപ്പമുള്ള വാസത്തിൽ നാമും പവിത്രതയിലും നീതിയിലും വിശുദ്ധിയിലും മുതിർന്നു വരും. അപ്പോൾ നമുക്കും അപ്പോസ്തലനെയും കൂട്ടു സഹോദരന്മാരേയും പോലെ പൂർണ്ണപ്രാഗത്ഭ്യത്തോടെ ധന്യമായ ക്രിസ്തീയ സാക്ഷ്യം സധൈര്യം പ്രാപിക്കാനാകും.

## Youngsters Voice

# CHRISTIAN GIVING

**Festive T.**



"Do you not know," writes Paul to the Corinthian church, "that your body is the temple of the Holy Spirit ... and you are not your own? For you were bought at a price." 1 Corinthians 6:19,20. Christians, according to Scripture, are the Lord's special possession – "a peculiar people," as in 1 Peter 2:9. If, as believers, we have no claim even to our own persons, it's safe to assume that we must also give up ownership and control of our possessions. Everything we have and everything we are is a gift from the Creator of our souls – after all, "what do you have that you did not receive?" 1 Corinthians 4:7. God is the Owner of everything that exists. Ultimately, it all belongs to Him. "The earth is the Lord's, and all its fullness," writes the psalmist, "the world and those who dwell therein" Psalm 24:1. If God owns everything, it should be obvious that He alone has the choice to determine how it should be distributed and used. And if His purposes can be summed up in the single word "love," 1 John 4:8, 11, we can safely assume that He intends His wealth to be applied to the task of blessing other people. Our role is to act as faithful stewards of the abundance He has poured out upon us by giving in accord with His will.

Here are 3 truths about Christian Giving:

**1. Attitude toward God's money (Adopting Godly mind-set)**

The first thing we must realize is that our ownership belongs to the Lord. So, whatever we own actually belongs to the Lord – even our money ! We are only supposed to manage our money. We should be careful that money should not be our master but God should be our master. In order to keep the right mindset, we should look at Mark12:28-34 "Love the Lord your God with all your heart and with all your soul and with all your mind and with all your strength.' The second is this: 'Love your neighbor as yourself.' There is no commandment greater than these." where the highlight is loving the Lord your God rightly can help you rightly use the resources given by God to honor Him.

**2.Responsibility towards God's money (Managing properly to give)**

When we set ourselves to think about Christian money management, in whatever connection, the first thing we have to get clear is that the money that is ours to manage is not ours, but God's. Yes, we have been given it to use, but it remains His. We have it as a loan, and in due course we must give account to him of what we have done with it. In Luke 6:38 says that "Give, and it will be given to you. A good measure, pressed down, shaken ogether and running over, will be poured into your lap. For with the measure you use, it will be measured to you." The money that is ordinarily thought of as ours remains God's; we receive it from his hand as his stewards and trustees, and must learn to manage it for his praise. Discipline of DiscipleshipIn Romans 12: 6-8, "We have different gifts, according to the grace given to each of us. If your gift is prophesying, then prophesy in accordance with your faith; if it is serving, then serve; if it is teaching, then teach; if it is to encourage, then give encouragement; if it is giving, then give generously; if it is to lead, do it diligently; if it is to show mercy, do it cheerfully." Poor giving is a mark of a weak and deficient Discipleship and Dependance on Jesus Christ our Lord. Our giving should not be driven by the amount but rather by the motives and purposes rooted in Christ Jesus.

**3. It's an act of obedience and humility**

When we learn to give, we are actually breaking away from the influence of money and it keeps us from sin. In Luke 16:13, "No one can serve two masters. Either you will hate the one and love the other, or you will be devoted to the one and despise the other. You cannot serve both God and money." In our life obeying God's Word is the most important thing. We should show obedience to the Lord in our earning and spending. We should walk in humility with our Lord.

# എന്താണ് പരീക്ഷയും ദോഷവും തമ്മിലുള്ള വ്യത്യാസം?



സോഫിയ സാം, അടൂർ

യാക്കോബ് 1:12 പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. ഭൂമിയിലെ പരീക്ഷയൊക്കെ പിറുപിറുപ്പ് ഇല്ലാതെ മറികടന്നാൽ ലഭിക്കുന്ന കിരീടം (2 തിമോത്തി 4 : 8) എന്നാൽ യാക്കോബ് 1:13 ൽ ദൈവം ദോഷങ്ങളാൽ പരീക്ഷിക്കില്ല എന്നു കാണാം. എന്താണ് പരീക്ഷയും ദോഷവും തമ്മിലുള്ള വ്യത്യാസം? പരീക്ഷ = പരീക്ഷണം ഉദാഹരണം. ആദാമിനോട് തോട്ടത്തിനു നടുവിലെ വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്നു പറഞ്ഞത്, അബ്രാഹാമിനോട് യിസഹാക്കിനെ യാഗം കഴിക്കാൻ പറഞ്ഞത്, കാറ്റും കോളും നിറഞ്ഞ സമുദ്രത്തിൽ വഞ്ചിയിൽ യേശു ഉറങ്ങിയത് ഇതൊക്കെ വിശ്വാസത്തിന്റ പരീക്ഷണങ്ങൾ ആണ്.

ദൈവം നമ്മെ പരീക്ഷിക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ ബലം നമുക്ക് വെളിപ്പെടുത്തി തരാനാണ്. നമുക്ക് ദൈവത്തിൽ എത്രമാത്രം വിശ്വാസം ഉണ്ടെന്ന് അറിയാൻ ദൈവത്തിനു നമ്മെ പരീക്ഷിക്കേണ്ട ആവശ്യമില്ല നമ്മുടെ ആത്മാവിന്റെ നിജസ്ഥിതി ദൈവത്തിനറിയാം. എന്നാൽ, നമ്മുടെ വിശ്വാസത്തെക്കുറിച്ച് പലപ്പോഴും നമുക്കുള്ള ധാരണകൾ തെറ്റാണ്. ഒരു ക്ലാസ്സിൽ പഠിക്കുന്ന കാര്യങ്ങൾ നാമെത്രമാത്രം ഗ്രഹിച്ചു എന്ന് നമുക്ക് വ്യക്തമായി അളക്കാൻ സാധിക്കുന്നത് പരീക്ഷയുടെ ഫലം വരുമ്പോഴാണ്. ഇതുപോലെ തന്നെ, യാതൊരു പ്രശ്നങ്ങളും ഇല്ലാത്ത സമയങ്ങളിൽ ദൈവത്തിൽ വിശ്വസിക്കാൻ യാതൊരു ബുദ്ധിമുട്ടും ഇല്ലാത്ത ധാരാളം പേർ നമ്മുടെ ഇടയിലുണ്ട്. എന്നാൽ, ജീവിതത്തിൽ ഒരു ചെറിയ പ്രശ്നം വരുമ്പോൾ അവർ വല്ലാതെ ഭയപ്പെടുകയും, ദൈവം ഉണ്ടോ, അല്ലെങ്കിൽ ദൈവത്തിനു എന്നെ ഇഷ്ടമില്ലേ, ഞാനിത്രയും കാലം ദൈവത്തെ ആരാധിച്ചത് അവിടുന്ന് കണ്ടില്ലേ എന്നൊക്കെ ചിന്തിക്കാറുണ്ട്. വചനപ്രകാരം നമ്മുടെ എല്ലാ അവസ്ഥകളിലും നമ്മോടൊത്തുണ്ടാകുന്ന ദൈവമാണ് നമ്മുടേത്. എന്നാൽ തിരുവചനം അംഗീകരിക്കുന്നതും, ജീവിതത്തിലെ പ്രതികൂലങ്ങളിൽ നമ്മുടെ പ്രതികരണങ്ങളിലൂടെ ആ വിശ്വാസത്തിനു സാക്ഷ്യം നൽകുന്നതും തമ്മിൽ വലിയ അന്തരമുണ്ട്.

പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ നിസ്സഹായത തിരിച്ചറിഞ്ഞ് ദൈവത്തിന്റെ ശക്തിയിൽ ശരണം പ്രാപിക്കുക. പ്രലോഭനങ്ങളിൽ അകപ്പെട്ടു പാപം ചെയ്തുപോയാൽ, നമ്മുടെ ദൗർബല്യങ്ങൾ അംഗീകരിച്ച് ദൈവസന്നിധിയിൽ എളിമപ്പെടാനുള്ള അവസരമായി അതിനെ കാണുക. എത്ര തിന്മയായതിൽ നിന്നും നന്മ സൃഷ്ടിക്കാനുള്ള ദൈവത്തിന്റെ കഴിവ് നമുക്ക് ഏറ്റവും അധികം വെളിപ്പെട്ടു കിട്ടുന്നത് പരീക്ഷണഘട്ടങ്ങളിലാണ്. എന്നാൽ യാക്കോബ് 1 ന്റെ 13 ൽ പറയുന്ന ദോഷം എന്താണ്. ദോഷം മൂലമാണ് ആത്മമരണം സംഭവിക്കുന്നത് അതിനു ദൈവം ഉത്തരവാദി അല്ല. ദോഷം = പ്രലോഭനം;അതായത് ലോകത്തിലെ പലവിധ മോഹങ്ങൾ നമ്മെ പ്രലോഭനങ്ങളിൽ അകപ്പെടുത്തുന്നുമോഹം നമ്മുടെ ഹൃദയത്തിൽ ഇരുന്നു ഒരു മുട്ട പോലെ പ്രവർത്തിക്കുന്നു. മുട്ടയിൽ (മോഹം) നിന്നും ലാർവ (പാപം) പിന്നീട് അത് പ്രവർത്തിയിലേക്ക്. പരീക്ഷണങ്ങൾ നമ്മിലെ വിശ്വാസത്തെ ബലപ്പെടുത്തി നമ്മെ വിശുദ്ധിയിലേക്ക് നയിക്കുമ്പോൾ , പ്രലോഭനങ്ങൾ നമ്മെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നു.

നമ്മുടെ ഹൃദയത്തിൽ പാപമാകുന്ന ലാർവയുണ്ടായി പ്രലോഭനങ്ങളിൽ പെട്ടു പാപം ചെയ്യാതിരിപ്പാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നമുക്കു ലഭിച്ചിരിക്കുന്നു. കർത്താവ് പറഞ്ഞു. 'എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും.' (യോഹ. 14:26).വളരെ പ്രതികൂലമായി വന്നു കൊണ്ടിരിക്കുന്ന ഈ ലോക സാഹചര്യത്തിൽ നമുക്കു പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ നമ്മെ പൂർണ്ണമായും വിട്ടു നല്കി ആത്മാവിൽ ബലപ്പെട്ടുമുൻപോട്ടു ജീവിക്കുവാൻ ദൈവം സഹായിക്കട്ടെ...യേശു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിൽ നിന്റെ നാമം പരിശുദ്ധമാകണമെന്നു പറഞ്ഞിരിക്കുന്നത് പ്രകാരം ദൈവനാമം വഹിച്ചവരായ നാം ഓരോരുത്തരുടെയും നല്ല ക്രിസ്തീയ ജീവിതംമൂലം നമ്മുടെ ദൈവത്തിന്റെ നാമം പരിശുദ്ധമാക്കപ്പെടുവാൻ നമുക്കു ജാഗ്രതയോടെ ദൈവ കൃപയിൽ ആയിരിക്കാം.

# BIBLE QUIZ - 02

ഉൽപ്പത്തി 16 – 30

1. "നിന്റെ സകലപ്രവൃത്തിയിലും ദൈവം നിന്നോടുകൂടെയുണ്ടു" ഇത് ആര് ആരെക്കുറിച്ച് പറഞ്ഞ വാക്കുകൾ?
2. ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തത് എന്തിനുവേണ്ടിയാണ്?
3. യാക്കോബിന്റെ മൂന്നാമത്തെ പുത്രന്റെ പേരെന്ത്?
4. അബ്രഹാമിന്റെ ദാസൻ, ലാബാൻ നൽകിയ ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചതെന്തുകൊണ്ട്?
5. "നിന്റെ ശാപം എന്റെമേൽ വരട്ടെ" എന്നു പറഞ്ഞ വ്യക്തിയാര്?
6. സ്വന്ത സ്ഥലത്തേക്കും ദേശത്തേക്കും മടങ്ങി പോകുവാൻ യാക്കോബ് ലാബാനോട് ചോദിച്ചതെന്ത്?
7. കാട്ടുകഴുതയെ പോലെയുള്ള മനുഷ്യൻ ആര്?
8. അബ്രാഹാമിനെയും അവന്റെ ഭാര്യയായ സാറയെയും അടക്കം ചെയ്തതെവിടെ?
9. നാഹോരിന്റെ ആദ്യജാതൻ ആര്?
10. പുറപ്പാടു പുസ്തകത്തിലെ പെസഹയോടുള്ള ബന്ധത്തിലല്ലാതെ
"പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച് ഉൽപ്പത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് എവിടെ?
11. ബേഥേലിന്റെ മറ്റൊരു പേരെന്ത്?
12. യിസഹാക്ക് കുഴിച്ച കിണറുകൾ എത്ര? അവ ഏതെല്ലാം?
13. "നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു" ആര്?
14. എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ
15. ഗെരാർ രാജാവിന്റെ പേരെന്ത്?

## ക്വിസ് 1 ന്റെ ഉത്തരം

1. യൂബാൽ (ഉൽപ്പ 4:21)
2. മനുഷ്യന്റെ മനോനിരൂപണം (ഉൽപ്പ 8:21)
3.ഹാരാനിൽവെച്ചു (ഉൽപ്പ 11:32)
4. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു.താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു അതു അവന്റെ ഹൃദയത്തിന്നു ദു ഖമായി: ( ഉൽപ്പ 6:6)
5. കന്നുകാലി, വെള്ളി, പൊന്നു ഈ വകയിൽ (ഉൽപ്പ 13:2)
6. ദമ്മേശെക്ക് (ഉൽപ്പ 15:2)
7. രേസെൻ (ഉൽപ്പ 10:12)
8. ദൈവം അതതു തരം കാട്ടുമൃഗങ്ങളെയും അതതു തരം കന്നുകാലികളെയും അതതു തരം ഭൂചരജന്തുക്കളെയും ഉണ്ടാക്കി; ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു (ഉൽപ്പ 1:2427)
9. തൊള്ളായിരത്തഞ്ചു (ഉൽപ്പ 5:11)
10. ശാവേതാഴ്‌വര (ഉൽപ്പ 14:17)
11. യഹോവയായ ദൈവം സ്ത്രീയോടു (ഉൽപ്പ 3:13)
12. ഹാം (ഉൽപ്പ 9:18)
13. ഉറവുകൾ, കിളിവാതിലുകളും (ഉൽപ്പ 7:11)
14. ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി (ഉൽപ്പ 12:8)
15.വേല ചെയ് വാനും അതിനെ കാപ്പാനും (ഉൽപ്പ 2:15)

## SONG QUIZ - 2

**ഈ ഗാനത്തിന്റെ ആദ്യ വരി പറയുക**

തമ്മിൽ സ്നേഹമായ് നമ്മൾക്കേകമായ്
തൻ നാമത്തെ നാമുയർത്തി ഘോഷിക്കാം.

ഗാന ക്വിസ് 1 ന്റെ ഉത്തരം :
ഇരവിന്നിരുൾ നിര തീരാറായി..

BIBLE QUIZ 01

ശരിയുത്തരം അയച്ചത്

1. സുനിതാ ജയൻ,
നടത്തറ, തൃശ്ശൂർ

SONG QUIZ 01

ശരിയുത്തരം അയച്ചവർ

1. റൗസി ജെയിംസ്, പൂങ്കുന്നം, തൃശ്ശൂർ.
2. സുനിതാ ജയൻ, നടത്തറ, തൃശ്ശൂർ.

ഈ മാസം 25 –ാം തീയതിക്കുള്ളിൽ ശരിയുത്തരം അയച്ചു തരുന്നവരെ വരുന്ന ലക്കത്തിൽ വിജയികളായി പ്രഖ്യാപിക്കുന്നതാണ്.

ഉത്തരം അയക്കേണ്ട
വാട്സ് ആപ് നമ്പറും
ഈമെയിൽ അഡ്രസ്സും

**+91 7907539203**
**biju4bible@gmail.com**

Postal Address

**Makarios**
**Pulimala, Kilivayal**
**Puthusseribagom, Vayala**
**Adoor, Pathanamthitta-691 554**



# സമയം നഷ്ടമാക്കല്ലെ...

(B. B).

പുരാതന ഗ്രീക്ക് ഭാഷയിൽ സമയത്തിന് രണ്ട് പദങ്ങളാണ് ഉപയോഗത്തിലുണ്ടായിരുന്നത്. അതിൽ ഒന്ന് ദിവസന്തോറും മണിക്കൂറ് തോറും എന്ന ആശയത്തിലും, മറ്റൊന്ന് സമയത്തിന്റെ ഒരു നിശ്ചിത ഭാഗം അഥവാ എന്തെങ്കിലും സംഭവിക്കേണ്ട സമയം എന്ന ആശയത്തിലുമാണ്. ''ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.'' എന്ന് എഫെസ്യർ 5:16 ൽ കാണുന്നു. പ്രസ്തുത വചനത്തിൽ വിവക്ഷിക്കുന്ന ആശയം ക്രിസ്തീയ വിശ്വാസികൾ വീണ്ടെടുക്കേണ്ട അവസരങ്ങളുടെ ഒരു നിശ്ചിത സമയത്തെ കുറിച്ചുള്ളതാണ്. ഇതേ ആശയം ഗലാത്യർ 6:10ലും കാണുന്നുണ്ട്. അവിടെ പറയുന്നത്, '' ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക.'' എന്നാണ്. ഓരോ നിമിഷങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക എന്നത് നല്ലതാണ്. എന്നുവരികിലും, അപ്പോസ്തലനായ പൗലോസ് ആവശ്യപ്പെടുന്നത്, അവസരം കിട്ടുമ്പോലെ ദൈവനാമം മഹത്വപ്പെടുത്തണമെന്നാണ്.

സഹോദരരെ, സമയം വീണ്ടെടുക്കുക എന്നത് കൊണ്ട് അർത്ഥമാക്കുന്നത് വ്യാപാരവുമായി ബന്ധപ്പെടുത്തിയാണ്. നല്ലൊരു വ്യാപാരിയെ പോലെ അവസരങ്ങൾ വാങ്ങുക എന്ന നിലയിലാണിതിവിടെ പറഞ്ഞിരിക്കുന്നത്. അവസരങ്ങൾ നേടിയെടുത്ത് അവയെ വിവേകത്തോടെ പ്രയോജനപ്പെടുത്തുക. കാരണം അനീതിയും ദുഷ്ടതയും പെരുകി വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്, അതിനാൽത്തന്നെ പലരുടെയും സ്നേഹം തണുത്ത് പോകുന്നു. എന്നാൽ ഇതിന്റെയൊക്കെ മദ്ധ്യത്തിലും, ദൈവവചനത്തിന്റെ അറിവ് നമ്മെ വിവേകത്തോടെ ജീവിക്കുവാൻ സഹായിക്കുന്നു. തുയത്തൈരയിലെ രക്താംബരം വിൽക്കുന്നവളായ ലുദിയ എന്ന സഹോദരി താൻ ദൈവമകളായിത്തീർന്ന ശേഷം ദൈവദാസന്മാരെയും ദൈവവിശ്വാസികളെയും മാനിച്ചുകൊണ്ട് അവസരം തക്കത്തിൽ പ്രയോജനപ്പെടുത്തി. അതുകൊണ്ട് യൂറോപ്പിലെ വിശ്വാസികളിൽ ആദ്യഫലമായി അവൾ എണ്ണപ്പെട്ടു. മാത്രമല്ല അവിടുത്തെ ആദ്യ സഭയുടെ സ്ഥാപനത്തിന് അവൾ ഒരു മുഖാന്തരം ആവുകയും ചെയ്തു. പ്രിയ സഹോദരീ സഹോദരന്മാരെ നിങ്ങൾക്കും കർത്താവിന് വേണ്ടി പ്രവർത്തിക്കുവാൻ പല അവസരങ്ങളും ലഭിക്കുന്നുണ്ട്. അത് തക്കത്തിൽ പ്രയോജനപ്പെടുത്തി ആർക്കും കവരുവാൻ സാധിക്കാത്ത സ്വർഗ്ഗീയ പ്രതിഫലം പ്രാപിക്കുക.


ജീവനദി ആത്മമന്ന

JEEVANADHI ATHMAMANNA

തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയുക

**Edited, Lay out, Printed, Published & Owned by Biju Benjamin.**
**Printed at Ebenezer, Thrissur, Kerala-680012 Phone : 0487 2360992**

എല്ലാ മാസവും 1–ാം തീയതി പ്രസിദ്ധീകരിക്കുന്നു.....
പ്രാർത്ഥിക്കുക.....സഹകരിക്കുക.......